അദ്ധ്യാപക - രക്ഷാകർത്തൃ സമിതി വാർഷിക റിപ്പോർട്ട്

2023 -2024

അനുശോചനം

ഗവണ്മെൻറ് കോളേജ് കോട്ടയം ഇക്കണോമിക്സ് വിഭാഗം മുൻ അദ്ധ്യാപകൻ ശ്രീ. പി.എം രാജു വിൻറെ വിയോഗത്തിൽ ഈ യോഗം ആദരാഞ്ജലികൾ അർപ്പിക്കുന്നു

റിപ്പോർട്ട്

2023 ഏപ്രിൽ 16 നു ചേർന്ന അദ്ധ്യാപക - രക്ഷാകർത്തൃ സമിതി പൊതുയോഗം, പി.ടി. എ സെക്രട്ടറി ആയി ഡോ. അനീഷ് എ. യു, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ ആയി ശ്രീ . അനിൽ കുമാർ എസ് .എസ് ., ശ്രീമതി. ലില്ലി , ഡോ. ഷീബ എം , ഡോ. ഷൈനി കെ. ജെ , ശ്രീ. സിജോ മാത്യു, ഡോ. ശിവപ്രസാദ് ജി. എന്നിവരെ തിരഞ്ഞെടുത്തു.

2023 -2024 അക്കാദമിക് വർഷം കോളേജിൻറെ അടിസ്ഥാന വികസ പ്രവർത്തനങ്ങളിലും, വിദ്യാർത്ഥികളുമായി ബന്ധപ്പെട്ട പഠന - പഠനേതര വിഷയങ്ങളിലും മികച്ച സഹകരണം നൽകുവാൻ പി.ടി. എ ക്ക് സാധിച്ചു. 2023 -2024 അക്കാദമിക് വർഷം ജൂൺ മാസം നടന്ന വായനാ വാരം 2023, ഒക്ടോബർ 7 നു നടന്ന അനദ്ധ്യാപക പരിശീലന പരിപാടി, വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച **Civil Service orientation** പ്രോഗ്രാം, യോഗാദിനാഘോഷം, എന്നിവയ്ക്ക് സാമ്പത്തിക പിന്തുണ നൽകി. 2023 ഒക്ടോബർ മാസം 10, 11 തിയതികളിൽ IQAC യുമായി ചേർന്ന് ഒന്നാം വർഷ ബിരുദ - ബിരുദാനന്തര വിദ്യാർത്ഥികൾക്കായി **'ENRICH 2023'** എന്ന പേരിൽ Orientation programme സംഘടിപ്പിച്ചു. ഓഗസ്റ്റ് മാസം ഒന്നാം തിയതി കോട്ടയം ജില്ലാ ലീഗൽ സർവീസ് അതോറിറ്റിയുമായി ചേർന്ന് വിദ്യാർത്ഥികൾക്കായി **'POCSO AND CYBER CRIME'** എന്ന വിഷയത്തിൽ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു.

കോളേജ് യൂണിയൻ ഇലക്ഷൻ നടത്തുന്നതിനുള്ള ചിലവുകൾ പി.ടി.എ വഹിച്ചു . കോളേജ് യൂണിയൻ കലാപ്രവർത്തനങ്ങൾക്കുള്ള സാമ്പത്തിക പിന്തുണ നൽകി. കോളേജ് ഓഫീസ് - എക്സാം സംബന്ധിയായ ചിലവുകൾ , ഇന്റർനെറ്റ് ബില്ല് എന്നിവയ്ക്ക് സാമ്പത്തിക സഹായം നല്കി.

ഇതിനു പുറമെ കോളേജിലെ വിവിധ അടിസ്ഥാന സൗകര്യ വികസനത്തിനും, പരിപാലനത്തിനും പി.ടി.എ നേതൃത്വം നൽകി. അവ ചുവടെ ചേർക്കുന്നു.

1. കോളേജിലെ AQUARIUM HOUSE ലേക്കുള്ള പ്ലമ്പിങ് ജോലികൾ പൂർത്തിയാക്കി ശുദ്ധജല ലഭ്യത ഉറപ്പാക്കി.

2. കോളേജ് കോൺഫറൻസ് ഹാളിലേക്ക് ഒരു AC വാങ്ങി.

3. കോളേജ് സെമിനാർ ഹാളിലെ AC നന്നാക്കുന്നതിന് സാമ്പത്തിക സഹായം നൽകി.

4. കോളേജ് ഓഡിറ്റോറിയം, സെമിനാർ ഹാൾ, കോൺഫറൻസ് ഹാൾ എന്നിവടങ്ങളിലെ PUBLIC ADDRRESS SYSTEM, SOUND MIXERS എന്നിവ റിപ്പയർ ചെയ്തു പ്രവർത്തനക്ഷമമാക്കി.

5. കോളേജിലെ വിവിധ ഡിപ്പാർട്ട്മെന്റുകൾ, ഓഫീസ്, കോഓപ്പറേറ്റീവ് സൊസൈറ്റി, ലൈബ്രറി, കാൻടീൻ എന്നിവിടങ്ങളിലെ ഇലക്ട്രിക്കൽ, പ്ലമ്പിങ്ങ് സംബന്ധിയായ പ്രശ്നങ്ങൾ തീർക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു.

6. PHYSICAL EDUCATION DEPARTMENT നു കീഴിലുള്ള കോളേജ് FITNESS CENTRE മാറ്റി സ്ഥാപിക്കുന്നതിനും, ഉത്ഘാടനം ചെയ്യുന്നതിനും വേണ്ട സഹായങ്ങൾ നല്കി.

7. KIFBI പദ്ധതിയുടെ കീഴിൽ കോളേജിനു ലഭ്യമായ 'D' ബ്ലോക്കിലേക്ക് മാറുന്നതിനു ഡിപ്പാർട്ടുമെന്റുകൾക്ക് സഹായം നൽകി.

8. കോളേജ് ക്യാമ്പസ്, ലേഡീസ് ഹോസ്റ്റൽ പരിസരം എന്നിവിടങ്ങളിൽ അപകടരമായ അവസ്ഥയിൽ നിന്നിരുന്ന വൃക്ഷ ശിഖരങ്ങൾ മുറിച്ച് മാറ്റുകയും, ചെറുകാടുകൾ നീക്കം ചെയ്യുകയും ചെയ്തു.

9. കോളേജ് ഓഫീസിലേക്കും, വിവിധ ഡിപ്പാർട്ടുമെന്റുകളിലേക്കും ആവശ്യപ്പെടുന്നതിനനുസരിച്ച് 20L കുടിവെള്ള കുപ്പികൾ വാങ്ങി നൽകി.

10. 2023 വർഷത്തെ STUDENTS ID CARDS തയ്യാറാക്കി നൽകി.

11. JEEVANI കൗൺസിലേഴ്സിന്റെ INTERVIEW നു സാമ്പത്തിക സഹായം നല്കി.

12. കോളേജ് ലൈബ്രറിയിലേക്ക് INFLIBNET, NLIST എന്നിവ പുതുക്കുന്നതിന് സാമ്പത്തിക സഹായം നല്കി.

13. HUNGER FREE CAMPUS പ്രോഗ്രാമിന്റെ നടത്തിപ്പിനായുള്ള ഭക്ഷണ കൂപ്പണുകൾ PRINT ചെയ്യുന്നതിനുള്ള സാമ്പത്തിക സഹായം നൽകി.

14. യൂണിവേഴ്സിറ്റി പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളുടെ ഫോട്ടോ അടങ്ങിയ ഫ്ലക്സ് ബോർഡുകൾ, NEWS PAPER ADVERTISEMENT എന്നിവ നൽകി.

15. D ബ്ലോക്കിലെ ക്ലാസ് റൂമുകളിൽ ബോർഡുകൾ പിടിപ്പിക്കുന്നതിനും, D ബ്ലോക്കിൽ ഗ്രിൽ നിർമ്മിച്ച് ഫിറ്റ് ചെയ്യുന്നതിനും വേണ്ട സാമ്പത്തിക സഹായം നല്കി.

16. എക്സാം റൂമുകൾ പൂട്ടുന്നതിനു താഴുകളും താക്കോലുകളും വാങ്ങി നൽകി.

17. പുതിയതായി വാങ്ങിയ ഡെസ്കുകളും ബെഞ്ചുകളും വിവിധ ക്ലാസ് റൂമുകളിലേക്ക് എത്തിക്കുന്നതിനും, ക്യാമ്പസ്സിൽ പല സ്ഥലങ്ങളിലായി കിടന്നിരുന്ന ഉപയോഗ യോഗ്യമല്ലാതിരുന്ന ഫർണിച്ചറും മറ്റും നീക്കം ചെയ്യുന്നതിനും വേണ്ട സാമ്പത്തിക സഹായം നല്കി.

18. കോളേജ് ഗ്രൗണ്ടിൽ ക്രിക്കറ്റ് പ്രാക്ടീസ് NETS നിർമ്മിക്കുന്നതിന് വേണ്ട മുൻകൂർ തുക നല്കി.

19. LADIES AMENITY CENTRE ലെ ഇൻസിനറേറ്റർ റിപ്പയർ ചെയ്ത് പ്രവർത്തന ക്ഷമമാക്കി.

20. കോളേജ് ഓഫീസിലേക്ക് ലാൻഡ് ഫോൺ , ഓഫീസ് സീൽ , ഓഫീസ് രജിസ്റ്റർ എന്നിവ വാങ്ങി നല്കി.

21. വിവിധ ഡിപ്പാർട്ട്മെന്റുകൾക്ക് പ്രാക്ടിക്കൽ പരീക്ഷകൾ നടത്തുന്നതിനുള്ള മുൻകൂർ തുക നല്കി.

22. D ബ്ലോക്കിൻറ്റെ ഗ്രൗണ്ട് ഫ്ലോറിൽ WATER COOLER ഇൻസ്റ്റാൾ ചെയ്തു , കൂടാതെ മറ്റു ബ്ലോക്കുകളിലെ വാട്ടർ കൂളറുകൾ രണ്ടു പ്രാവശ്യം സർവീസ് ചെയ്യുകയും ചെയ്തു. D ബ്ലോക്കിലേക്കുള്ള വാട്ടർ കണക്ഷൻ ക്യാൻറ്റി നു സമീപം ഉള്ള BOREWELL ലേക്ക് മാറ്റുകയും ചെയ്തു.

23. CIF ലേക്ക് ഇൻസ്ട്രുമെൻസ് മാറ്റുന്നതിനും, ആവശ്യമായ ഇലക്ട്രിക്കൽ ജോലികൾ ചെയ്യുന്നതിനും ഉള്ള സാമ്പത്തിക സഹായം നല്കി

24. ജിയോളജി ഡിപ്പാർട്മെന്റ്, IQAC എന്നിവിടങ്ങളിലെ പ്രിൻറർ നന്നാക്കുന്നതിനും, പൊളിറ്റിക്കൽ സയൻസ് ഡിപ്പാർട്ട്മെൻറ്റിൽ കമ്പ്യൂട്ടർ ആക്സെസ്സറിസ് വാങ്ങുന്നതിനും സാമ്പത്തിക സഹായം നല്കി .

25. കോളേജിൽ സെക്യൂരിറ്റി ജീവനക്കാരൻറെ വേതനം ഓരോ മാസവും നൽകുന്നു. ഇതിലേക്കായി 39 അദ്ധ്യാപകരിൽ നിന്നും 1200/- രൂപ വീതം പി.ടി.എ അക്കൗണ്ടിലേക്ക് ലഭിക്കുകയുണ്ടായി .

26. കോളേജിൽ റോക്ക് ഗാർഡൻ നിർമ്മാണവുമായി ബന്ധപ്പെട്ട് Ground levelling നടത്തുവാൻ സാമ്പത്തിക സഹായം നല്കി.

27. കോളേജ് ക്യാമ്പസ്, ബൊട്ടാണിക്കൽ ഗാർഡൻ എന്നിവയുടെ ക്ലീനിംഗുമായി ബന്ധപ്പെട്ട് സാമ്പത്തിക സഹായം നല്കി. കൂടാതെ കോളേജ്

ഓഫീസ്, ഡിപ്പാർട്ട്മെന്റുകൾ എന്നിവിടങ്ങളിലെ ഡെയിലി ക്ളീനിംഗിന് ആവശ്യമായ വസ്തുക്കൾ വാങ്ങി നൽകി.

കോളേജിലെ അടിസ്ഥാന സൗകര്യ വികസനത്തിനും വിദ്യാർത്ഥികളുടെ ഉന്നതിക്കും വേണ്ട കാര്യങ്ങൾ പി.ടി.എ യുടെ പരിമിതമായ സാമ്പത്തിക അടിത്തറയിൽ നിന്നുകൊണ്ട് ചെയ്യുന്നതിന് പരമാവധി ശ്രമിച്ചിട്ടുണ്ട്. 2023 -2024 അക്കാദമിക് വർഷം പി.ടി. എ യിലേക്ക് ലഭിച്ച സബ്മിഷനുകളിൽ എക്കണോമിക്സ് ഡിപ്പാർട്മെന്റിൽ നിന്നും ലഭിച്ച ഇലക്ട്രിക്കൽ വർക്കുമായി ബന്ധപ്പെട്ട സബ്മിഷൻ , C ബ്ലോക്കിൽ PWD റീവയറിങ് വർക്കിന്റെ എസ്റ്റിമേറ്റ് ആയതിനാൽ ചെയ്തില്ല. ബാക്കി എല്ലാ സബ്മിഷൻസും സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിച്ചു.

റിപ്പോർട്ട് വർഷത്തിൽ 4 പി.ടി.എ എക്സിക്യൂട്ടീവ് യോഗങ്ങൾ ചേർന്നു. പി.ടി.എ യുടെ പ്രവർത്തനങ്ങൾ വിജയിപ്പിക്കുന്നതിനായി നിസ്വാർത്ഥമായി സഹകരിച്ച പി.ടി.എ പ്രസിഡന്റും കോളേജ് പ്രിൻസിപ്പാളും ആയ ഡോ .ആർ . പ്രഗാഷ് , വൈസ് പ്രിൻസിപ്പാൾ ശ്രീ. വി.വി ജയലാൽ , മുൻ പി.ടി.എ സെക്രട്ടറി ഡോ. അനീഷ് എ. യു . പി.ടി.എ എക്സിക്യൂട്ടീവ് മെമ്പേഴ്സ് , ഡോ. ഷൈനി കെ.ജെ , ഡോ. ഷീബ എം. , ഡോ. ശിവപ്രസാദ് ജി. രക്ഷാകർതൃ പ്രതിനിധികളായ ശ്രീ. അനിൽകുമാർ എസ് .എസ്, ശ്രീമതി ലോട്ടസ് , CDC സ്റ്റാഫ് നോമിനി ഡോ . സെനോ ജോസ്, പി.ടി.എ 2023 -2024 വർഷത്തെ അക്കൗണ്ട് ഓഡിറ്റ് ചെയ്ത് തന്ന കോമേഴ്സ് വിഭാഗം H.O.D ഡോ. രഞ്ജിത്ത് മോഹൻ പി. എന്നിവർക്കും , പി.ടി.എ യുടെ പ്രവർത്തനങ്ങളിൽ സഹകരിച്ച ശ്രീമതി പ്രസന്ന രാജൻ (ബോട്ടണി വിഭാഗം) , ശ്രീ സനൽ രാജ് (ഫിസിക്സ് വിഭാഗം), ശ്രീ. ഷിബിൻ ഫിലിപ്പ് (ഇക്കണോമിക്സ് വിഭാഗം), ശ്രീമതി രാജലക്ഷ്മി എ (ഇക്കണോമിക്സ് വിഭാഗം), ശ്രീ. സദാനന്ദൻ എ.കെ (ഫിസിക്സ് വിഭാഗം), ഡോ. സുജാത എസ് (സുവോളജി വിഭാഗം), ഡോ. ആഷ സൂസൻ (സുവോളജി വിഭാഗം), മറ്റ് എല്ലാ അദ്ധ്യാപകർക്കും രക്ഷാകർത്താക്കൾക്കും നന്ദി രേഖപ്പെടുത്തുന്നു.

അമിനിറ്റി ഫണ്ട് കളക്ഷനു നേതൃത്വം നൽകിയ ഡോ .ഷീബ എം ., ശ്രീമതി ധന്യ , MEMENTO & MEDAL എന്നിവ തയ്യാറാക്കിയ ഡോ.ഷൈനി കെ.ജെ, MEMENTO തിരഞ്ഞെടുക്കുന്നതിന് സഹായിച്ച ഡോ . ശിവപ്രസാദ് ജി എന്നിവർക്ക് പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

പി.ടി.എ യുടെ പ്രവർത്തനങ്ങളിൽ സഹായിച്ച കോളേജ് ഓഫീസ് മുൻ സൂപ്രണ്ട് ശ്രീ. രാജേഷ് നാരായണൻ , ഇപ്പോഴത്തെ സൂപ്രണ്ട് ശ്രീ ബിജു വി.

തമ്പി, ഹെഡ് അക്കൗണ്ടൻറ് ശ്രീ. അനീഷ് ഫിലിപ്പ് , ഓഫീസ് ജീവനക്കാരായ ശ്രീ. ശരത്ചന്ദ്രൻ , ശ്രീ. അരുൺ എ.കെ , ശ്രീ. അഭിലാഷ് അരവിന്ദ് , ശ്രീ. ടിനു വർഗീസ്, ശ്രീ. ഷൺമുഖം ആചാരി, എന്നിവർക്കും പ്രത്യേകം നന്ദി.

2023 -2024 അക്കാദമിക് വർഷത്തിൽ ഡിഗ്രി പരീക്ഷകളിൽ 9 യൂണിവേഴ്സിറ്റി റാങ്കുകളും, പി. ജി. പരീക്ഷകളിൽ 10 യൂണിവേഴ്സിറ്റി റാങ്കുകളും കരസ്ഥമാക്കി നമ്മുടെ കോളേജ് എം.ജി സർവ്വകലാശാലയിലെ മികച്ച കലാലയങ്ങളിൽ ഒന്നായി മാറി. എം.ജി സർവ്വകലാശാലയിലെ മികച്ച N. S .S യൂണിറ്റിനുള്ള പുരസ്കാരം നമ്മുടെ കോളേജിന് ലഭിച്ചു. കൂടാതെ മികച്ച N. S .S പ്രോഗ്രാം ഓഫീസർക്കുള്ള പുരസ്കാരം ഡോ. സജീവ് യു ,എസ് , , മികച്ച N. S .S വോളൻറ്റീറിനുള്ള മൂന്നാം വർഷ ജിയോളജി വിദ്യാർത്ഥി ശ്രീ. അസ്‌ലം മിഥിലാജ് എൻ.ടി എന്നിവർക്ക് ലഭിക്കുകയുണ്ടായി. എം.ജി കലോത്സവത്തിൽ പങ്കെടുത്ത് നമ്മുടെ വിദ്യാർത്ഥികൾ രണ്ട് സെക്കൻഡ് പ്രൈസും ഒരു തേർഡ് പ്രൈസും നേടി. കൂടാതെ ഒപ്പന, തിരുവാതിര ദഫ് മുട്ട് എന്നീ ഗ്രൂപ്പ് ഇനങ്ങൾക്കും 10 വ്യക്തിഗത ഇനങ്ങൾക്കും ഉൾപ്പെടെ 13 A ഗ്രേഡുകൾ ലഭിക്കുകയുണ്ടായി. ജില്ലാ - സംസ്ഥാന - യൂണിവേഴ്സിറ്റി തലങ്ങളിൽ സംഘടിപ്പിച്ച കായിക മത്സരങ്ങളിൽ നമ്മുടെ വിദ്യാർത്ഥികൾ മികച്ച വിജയം നേടി.

വിവിധ ദേശീയ മത്സരപരീക്ഷകളിൽ നമ്മുടെ വിദ്യാർത്ഥികൾ മികച്ച വിജയം നേടി എന്നതും NIRF റാങ്കിങ്ങിൽ 101 -150 ബാൻഡിൽ നമ്മുടെ കോളേജ് രണ്ടാം വട്ടവും സ്ഥാനം നിലനിർത്തി എന്നതും നമ്മുടെ മികവിൻറ്റെ അടയാളപ്പെടുത്തലുകളാകുന്നു. പി.ടി.എ യുടെ പ്രവർത്തനങ്ങളിൽ സഹകരിച്ച എല്ലാവരോടും സ്നേഹാദരങ്ങൾ അറിയിച്ചു കൊണ്ട് ഈ റിപ്പോർട്ട് സമർപ്പിക്കുന്നു

ഡോ . ആർ . പ്രഗാഷ്, (പി.ടി.എ പ്രസിഡൻറ്)

ശ്രീ. സിജോ മാത്യു , (പി.ടി.എ സെക്രട്ടറി)

കോട്ടയം

26/03/2024